**174/24-M**

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

**ചോദ്യ പുസ്തക ക്രമനമ്പർ**

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

1. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം
   A) 1921 B) 1924 C) 1930 D) 1931

2. ഗാന്ധിജി ഇന്ത്യയിൽ നേതൃത്വപരമായ പങ്കു വഹിച്ച ആദ്യത്തെ സമരമേത് ?
   A) ചമ്പാരൻ സത്യാഗ്രഹം
   B) അഹമ്മദാബാദ് കോട്ടൺമിൽ സമരം
   C) ഖേഡ സമരം
   D) നിസ്സഹകരണ സമരം

3. ജാലിയൻ വാലബാഗ് കൂട്ടക്കൊലക്ക് കാരണമായ നിയമം ഏത് ?
   A) ശാശ്വത ഭൂനികുതി നിയമം B) ദത്തവാകാശ നിരോധന നിയമം
   C) വെർണ്ണക്കുലർ പത്ര നിയമം D) റൗലത്ത് നിയമം

4. ഹിന്ദുസ്ഥാൻ റിപ്പബ്ലിക്ക് അസോസിയേഷൻ എന്ന സംഘടനയുമായി ബന്ധമില്ലാത്തതാര് ?
   A) ചന്ദ്രശേഖർ ആസാദ് B) ഭഗത്സിംഗ്
   C) രാജ്ഗുരു D) ഉദ്ദംസിംഗ്

5. ഇന്ത്യയിൽ ഭരണഘടനാ പരിഷ്ക്കാരം വരുത്തുന്നത് ചർച്ച ചെയ്യുന്നതിന് വിളിച്ചു ചേർത്തതാണ് വട്ടമേശ സമ്മേളനങ്ങൾ. എല്ലാ വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്ത വ്യക്തിയാര് ?
   A) ഗാന്ധിജി B) അംബേദ്കർ
   C) ദാദാഭായ് നവറോജി D) നെഹ്റു

6. ഇന്ത്യൻ ഭരണഘടനാ നിർമ്മാണവുമായി ബന്ധമില്ലാത്തതാർക്ക് ?
   A) ഡോ. ബി. ആർ. അംബേദ്കർ B) ഡോ. എസ്. രാധാകൃഷ്ണൻ
   C) സച്ചിദാനന്ദ സിൻഹ D) ജവഹർലാൽ നെഹ്റു

7. താഴെ തന്നിരിക്കുന്നവയിൽ മൗലികാവകാശങ്ങളിൽ പെടുന്നവ ഏതെല്ലാം ?
   1. സമത്വത്തിനുള്ള അവകാശം
   2. സ്വത്ത് വാങ്ങാനുള്ള അവകാശം
   3. ഇഷ്ടപെട്ട മതത്തിൽ വിശ്വസിക്കാനുള്ള അവകാശം
   4. ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം
   5. ഇന്ത്യയിൽ എവിടെയും യാത്ര ചെയ്യുവാനുള്ള അവകാശം
   6. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം

   A) 1, 2, 6 B) 1, 3, 5, 6 C) 3, 4, 5 D) 1, 3, 4, 6

8. നിർദേശക തത്വങ്ങൾ നടപ്പാക്കുന്നതിനായി സമീപിക്കേണ്ട കോടതിയേത് ?
   A) ജില്ലാ കോടതി
   B) മുൻസിഫ് കോടതി
   C) സി. ജെ. എം. കോടതി
   D) കോടതിയെ സമീപിക്കാനാകില്ല

9. ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയുള്ള രാജ്യം
   A) അമേരിക്ക
   B) ഇന്ത്യ
   C) ചൈന
   D) സൗത്ത് ആഫ്രിക്ക

10. പാർലമെന്റിന്റെ പ്രധാന ചുമതലയെന്ത് ?
   A) പൗരന്മാരുടെ അവകാശ സംരക്ഷണം
   B) നിയമ നിർമ്മാണം
   C) പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കാണൽ
   D) കൃത്യമായ ഭരണം കാഴ്ചവെക്കൽ

11. താഴെ തന്നിരിക്കുന്നവയിൽ ശ്രീനാരായണ ഗുരുവുമായി ബന്ധമില്ലാത്ത കാര്യം ഏത് ?
   A) ആലുവ മണപ്പുറത്തു ശിവലിംഗ പ്രതിഷ്ഠ നടത്തി
   B) 1903 ൽ SNDP സ്ഥാപിച്ചു
   C) മനുഷ്യത്വമാണ് മനുഷ്യന്റെ ജാതി എന്ന് പ്രഖ്യാപിച്ചു
   D) സംഘടന കൊണ്ട് ശക്തരാകാൻ ആഹ്വാനം ചെയ്തു

12. ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗം നേതാവായ മലയാളി ആര് ?
   A) അക്കാമ്മ ചെറിയാൻ
   B) കുട്ടിമാളുഅമ്മ
   C) ക്യാപ്റ്റൻ ലക്ഷ്മി
   D) ആനി മസ്ക്രീൻ

13. കേരള കലാമണ്ഡലത്തിന്റെ സ്ഥാപിതവുമായി ബന്ധപ്പെട്ട വ്യക്തി ആര് ?
   A) വൈലോപ്പിള്ളി ശ്രീധരമേനോൻ
   B) വള്ളത്തോൾ നാരായണ മേനോൻ
   C) കുമാരനാശാൻ
   D) കുഞ്ചൻ നമ്പ്യാർ

14. സമ പന്തിഭോജനം നടത്തിയ കേരളത്തിലെ സാമൂഹ്യ പ്രവർത്തകനാര് ?
   A) ചട്ടമ്പി സ്വാമികൾ
   B) വൈകുണ്ഠ സ്വാമികൾ
   C) അയ്യങ്കാളി
   D) കുമാര ഗുരുക്കൾ

15. സ്വദേശാഭിമാനി എന്ന പത്രം ആരംഭിച്ചതാര് ?
   A) രാമകൃഷ്ണപിള്ള
   B) കെ. പി. കേശവമേനോൻ
   C) വക്കം അബ്ദുൾ ഖാദർ മൗലവി
   D) വി. ടി. ഭട്ടതിരിപ്പാട്

16. ആദ്യമായി ഫുട്ബോൾ ലോക കപ്പ് കിട്ടിയത് ഉറൂഗേ എന്ന രാജ്യത്തിനാണ്. എന്നാൽ ഏറ്റവും കൂടുതൽ തവണ ഫുട്ബോൾ ലോകകപ്പ് കിട്ടിയത് ഏത് രാജ്യത്തിനാണ് ?

A) അർജന്റീന B) ഉറൂഗേ C) ബ്രസീൽ D) ജർമ്മനി

17. ശ്രീലങ്കയിലെ നിലവിലെ പ്രസിഡന്റിന് തൊട്ടു മുൻപ് പദവിയിൽ ഉണ്ടായിരുന്ന പ്രസിഡന്റ് ആരായിരുന്നു ?

A) അനുര കുമാര ദിസാനായകെ B) ഗോതാബയ രാജപക്സ
C) റനിൽ വിക്രം സിൻഹ D) ചന്ദ്രികാ കുമാരതുങ്ക

18. 'ദി ട്രാൻസ്ഫർ ഓഫ് പവർ ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്

A) സർദാർ വല്ലഭ്ഭായ് പട്ടേൽ B) വി. പി. മേനോൻ
C) കെ. എം. പണിക്കർ D) എസ്. എൻ. ഭട്നാകർ

19. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| **ഇരുമ്പുരുക്ക് ശാലകൾ** | **സഹായം നൽകിയ രാഷ്ട്രങ്ങൾ** |
| a. ഭിലായി | i. സോവിയറ്റ് യൂണിയൻ |
| b. ബൊക്കാറോ | ii. സോവിയറ്റ് യൂണിയൻ |
| c. റൂർക്കേല | iii. ജർമ്മനി |
| d. ദുർഗാപ്പൂർ | iv. ബ്രിട്ടൺ |

A) a – i, b – ii, c – iii, d – iv B) a – ii, b – iii, c – iv, d – i
C) a – iii, b – iv, c – i, d – ii D) a – iv, b – i, c – ii, d – iii

20. വിദ്യാഭ്യാസത്തെ സംസ്കാരവുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സാംസ്കാരിക വകുപ്പ് 1979 ൽ രൂപീകരിച്ച സ്ഥാപനമായ സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആന്റ് ട്രെയിനിങ്ങിന്റെ ആസ്ഥാനം

A) കൊൽക്കത്ത B) ബാംഗ്ലൂർ
C) ന്യൂഡൽഹി D) ചെന്നൈ

21. 'പുതിയ സഹസ്രാബ്ദത്തിലേക്ക് ഇന്ത്യയെ നയിക്കുക' എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ദേശീയവിദ്യാഭ്യാസ നയം നിലവിൽ വന്ന വർഷം

A) 1984 B) 1948 C) 1968 D) 1986

22. രാഷ്ട്ര പുരോഗതിയിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ് 10 + 2 + 3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം എന്ന് ശുപാർശ ചെയ്ത വിദ്യാഭ്യാസ കമ്മീഷൻ

A) ഡോ. രാധാകൃഷ്ണൻ കമ്മീഷൻ

B) ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ

C) ഡോ. ഡി. എസ്. കോത്താരി കമ്മീഷൻ

D) ഫസൽ അലി കമ്മീഷൻ

23. ലോക ഫുട്ബോൾ ദിനം എന്നാണ് ?

A) ജൂൺ 25
B) മേയ് 25
C) ആഗസ്റ്റ് 25
D) മാർച്ച് 25

24. 2024 ലെ ഒ. എൻ. വി. സാഹിത്യ പുരസ്കാര ജേതാവ്

A) പ്രതിഭ റായ്
B) സി. രാധാകൃഷ്ണൻ
C) പി. വൽസല
D) എസ്. കെ. വസന്തൻ

25. ഇന്ത്യയുടെ ഭൂമിശാസ്ത്ര വിവരങ്ങളിലെ തെറ്റ് ഏത് ?

a. അക്ഷാംശം 8°4' വടക്കുമുതൽ 37°6' വടക്കുവരെ

b. അക്ഷാംശം 68°7' വടക്കുമുതൽ 97°25' വടക്കുവരെ

c. രേഖാംശം 68°7' കിഴക്കുമുതൽ 97°25' കിഴക്കുവരെ

d. രേഖാംശം 8°4' കിഴക്കുമുതൽ 37°6' കിഴക്കുവരെ

A) a, b
B) b, c
C) a, c
D) b, d

26. ലോകത്തിലെ ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന യുദ്ധഭൂമി

A) ബോൽടോരോ
B) സിയാച്ചിൻ
C) മൗണ്ട് K2
D) പാമീർ

27. ഇന്ത്യയുടെ അതിർത്തിരാജ്യങ്ങളെ സംബന്ധിച്ച വിവരങ്ങളിൽ തെറ്റ് ഏത് ?

A) പടിഞ്ഞാറ് : പാക്കിസ്ഥാൻ
B) കിഴക്ക് : ഭൂട്ടാൻ
C) വടക്ക് : നേപ്പാൾ
D) തെക്കുകിഴക്ക് : ഭൂട്ടാൻ

28. ഇന്ത്യയുടെ ഭൂപ്രകൃതി സവിശേഷത – ഒറ്റയാനെ കണ്ടെത്തുക.

A) ഉത്തരപർവ്വത മേഖല
B) ഹിമാലയം
C) ഉത്തരേന്ത്യൻ സമതലം
D) തീരസമതലങ്ങളും ദ്വീപുകളും

29. ഇന്ത്യയിൽ അനുഭവപ്പെടുന്ന കാലാവസ്ഥയിൽ തെറ്റായ വിവരം ഏത് ?

A) ഉഷ്ണകാലത്ത് രാജ്യത്ത് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത് രാജസ്ഥാനിലെ ബാമർ എന്ന സ്ഥലത്താണ്

B) ഇന്ത്യയിലെ ഏറ്റവും വലിയ മഴക്കാലം-തെക്കുപടിഞ്ഞാറൻ മൺസൂൺകാലം

C) ശൈത്യകാലത്ത് പശ്ചിമബംഗാളിൽ അനുഭവപ്പെടാറുള്ള ഇടിയോട് കൂടിയ ശക്തമായ മഴയാണ് കാൽബൈശാഖി

D) മൺസൂണിന്റെ പിൻവാങ്ങൽ കാലം – വടക്കുകിഴക്കൻ മൺസൂൺ കാറ്റുകൾ

30. കേരളത്തിന്റെ ഭൂപ്രകൃതി സവിശേഷതകളിൽ ശരി ഏത് ?

1. അക്ഷാംശം 8°18' വടക്കുമുതൽ 12°48' വടക്കുവരെ
2. രേഖാംശം 74°52' കിഴക്കുമുതൽ 77°22' കിഴക്കുവരെ
3. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ തിരിക്കാം

A) 1, 3 ശരി

B) 2, 3 ശരി

C) 3 ശരി

D) എല്ലാം ശരി

31. സൂചനകളിൽ നിന്ന് പ്രദേശം തിരിച്ചറിയുക.

1. പശ്ചിമ ഘട്ടത്തിന്റെ പൂർവ്വഭാഗത്തുള്ള തമിഴ്നാടിനേയും പശ്ചിമഭാഗത്തുള്ള കേരളത്തിനെയും യോജിപ്പിക്കുന്ന മലമ്പാത.
2. ഏകദേശം 40 കി. മീ. വീതിയുണ്ട്.
3. ഇതിലെ ഏറ്റവും താഴ്ന്ന പ്രദേശം തൃശൂരിലാണ്.

A) തൃശൂർ – കാഞ്ഞങ്ങാട് സമതലം

B) പാലക്കാട് ചുരം

C) എറണാകുളം – തിരുവനന്തപുരം റോളിങ് സമതലം

D) തീരസമതലം

32. കേരളത്തിലെ നദികളെ നീളത്തിന്റെ അടിസ്ഥാനത്തിൽ നീളംകൂടിയത് ആദ്യം എന്ന രീതിയിൽ പട്ടികപ്പെടുത്തുക.
(കല്ലടയാർ, ചാലിയാർ, പമ്പ, കടലുണ്ടി, ഭാരതപ്പുഴ)

A) ഭാരതപ്പുഴ, പമ്പ, കല്ലടയാർ, കടലുണ്ടി, ചാലിയാർ

B) കല്ലടയാർ, ചാലിയാർ, പമ്പ, കടലുണ്ടി, ഭാരതപ്പുഴ

C) പമ്പ, ഭാരതപ്പുഴ, കല്ലടയാർ, ചാലിയാർ, കടലുണ്ടി

D) ഭാരതപ്പുഴ, പമ്പ, ചാലിയാർ, കടലുണ്ടി, കല്ലടയാർ

33. കേരളത്തിലെ നദികൾ – ഒറ്റയാനെ കണ്ടെത്തുക.
A) മഞ്ചേശ്വരം പുഴ B) ഉപ്പള C) ഷിറിയ D) നെയ്യാർ

34. താഴെ തന്നിരിക്കുന്നതിൽ കേരളത്തിലെ ദേശീയജലപാത
A) NW1 B) NW2 C) NW3 D) NW4

35. കേരളത്തിലെ വൈദ്യുത പദ്ധതികൾ – ജില്ലകൾ
ഒറ്റയാനെ കണ്ടെത്തുക.
A) ശബരിഗിരി – പത്തനംതിട്ട
B) ഇടുക്കി പദ്ധതി – ഇടുക്കി
C) കുറ്റിയാടി പദ്ധതി – കോഴിക്കോട്
D) സിയാൽ പദ്ധതി – എറണാകുളം

36. കേരളത്തിന്റെ മത്സ്യബന്ധന വകുപ്പ് മന്ത്രി
A) സജി ചെറിയാൻ B) വി. എൻ. വാസവൻ
C) എ. കെ. ശശീന്ദ്രൻ D) റോഷി അഗസ്റ്റിൻ

37. താഴെ തന്നിട്ടുള്ള സൂചനയിൽ നിന്ന് കേരളത്തിലെ വന്യജീവി സങ്കേതം കണ്ടെത്തുക.
– പശ്ചിമഘട്ടത്തിലെ മഴനിഴൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കേരളത്തിലെ ഏക വന്യജീവി സങ്കേതം
– വംശനാശ ഭീഷണി നേരിടുന്ന ചാമ്പൽ മലയണ്ണാന്റെയും നക്ഷത്ര ആമകളുടെയും വാസസ്ഥലം
A) ഇടുക്കി വന്യജീവി സങ്കേതം B) ശെന്തുരുണി വന്യജീവി സങ്കേതം
C) ചിന്നാർ വന്യജീവി സങ്കേതം D) പേപ്പാറ വന്യജീവി സങ്കേതം

38. ഗ്രാമസഭയുടെ കൺവീനർ ആരാണ് ?
A) പഞ്ചായത്ത് പ്രസിഡന്റ് B) പഞ്ചായത്ത് സെക്രട്ടറി
C) വാർഡ് മെമ്പർ D) ഇവരാരുമല്ല

39. പ്രഥമ കേരള സ്കൂൾ ഒളിമ്പിക്സ് ഏത് ജില്ലയിൽ ?
A) എറണാകുളം B) തൃശ്ശൂർ
C) കൊല്ലം D) തിരുവനന്തപുരം

40. കർഷകർക്കുള്ള എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന സംയോജിത പോർട്ടലാണ്
A) കതിർ ആപ്പ് B) മണ്ണ് ആപ്പ്
C) വെളിച്ചം D) നവോത്ഥാൻ പദ്ധതി

41. ഇപ്പോഴത്തെ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രി ആര് ?
A) പ്രഹ്ലാദ് ജോഷി
B) ശിവരാജ് സിംഗ് ചൗഹാൻ
C) പിയൂഷ് ഗോയൽ
D) രാജീവ് രഞ്ജൻ സിംഗ്

42. പാരീസ് 2024 ഒളിമ്പിക്സിൽ നീരജ് ചോപ്ര ജാവലിൻ എറിഞ്ഞ ദൂരം
A) 89.45 m
B) 87.58 m
C) 92.97 m
D) 85.95 m

43. യുണൈറ്റഡ് നേഷൻസ് (യു. എൻ.) മാനവ വികസന സൂചിക 2022 പ്രകാരം ഇന്ത്യയുടെ സ്ഥാനം
A) 132
B) 134
C) 122
D) 124

44. ഉപഗ്രഹങ്ങൾ ഇല്ലാത്ത ഗ്രഹം
A) ബുധൻ
B) വ്യാഴം
C) ഭൂമി
D) യുറാനസ്

45. സൽത്തനത്ത് – മുഗൾ കാലഘട്ടത്തിൽ പേർഷ്യൻ സംഗീതത്തിന്റെ സ്വാധീന ഫലമായി രൂപപ്പെട്ട സംഗീത ശൈലി ഏത് ?
A) ഖവ്വാലി
B) ഗോഥിക്
C) ഹിന്ദുസ്ഥാനി സംഗീതം
D) കർണ്ണാട്ടിക് സംഗീതം

46. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം കാവ്യാത്മക ശൈലിയിൽ എഴുതിയത് ആര് ?
A) Dr. B. R. അംബേദ്കർ
B) Dr. S. രാധാകൃഷ്ണൻ
C) M. P. നാരായണ മേനോൻ
D) ജവഹർലാൽ നെഹ്റു

47. ഇന്ത്യയിൽ സാമ്പത്തിക വർഷമായി കണക്കാക്കുന്നത്
A) ജനുവരി 1 മുതൽ ഡിസംബർ 31 വരെ
B) മാർച്ച് 1 മുതൽ ഏപ്രിൽ 30 വരെ
C) മാർച്ച് 31 മുതൽ ഏപ്രിൽ 30 വരെ
D) ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ

48. ''നമ്മുക്ക് എല്ലാവരുടെയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള വിഭവമുണ്ട്. എന്നാൽ ഒരാളുടെ പോലും അത്യാഗ്രഹത്തെ നിറവേറ്റാനില്ലതാനും''. ഈ വാക്കുകൾ ആരുടേതാണ് ?
A) ജവഹർലാൽ നെഹ്റു
B) ഗാന്ധിജി
C) സുബാഷ് ചന്ദ്രബോസ്
D) സരോജിനി നായിഡു

49. ശ്രീലങ്കൻ ക്രിക്കറ്റ് ഇതിഹാസം മുത്തയ്യ മുരളീധരന്റെ ജീവിതം ആസ്പദമാക്കി പുറത്തിറങ്ങിയ ചലച്ചിത്രം
A) ഗോൾ
B) എണ്ണൂറ്
C) വിന്നർ
D) ജീവിത നൗക

50. ലോക അദ്ധ്യാപക ദിനം എന്ന് ?

A) ജനുവരി 25 B) ഒക്ടോബർ 5 C) മാർച്ച് 4 D) ജൂൺ 15

51. ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ വിനോദ സഞ്ചാര ബോട്ട്

A) ഇന്ദ്ര B) അപ്പു C) ജലറാണി D) പത്മിനി

52. 2024 G.20 ഉച്ചകോടിക്ക് അധ്യക്ഷത വഹിക്കുന്ന രാജ്യം ഏത് ?

A) ബ്രസീൽ
B) ഇന്ത്യ
C) ഓസ്ട്രേലിയ
D) ഫിൻലാൻഡ്

53. പ്രസ്താവനകൾ വിലയിരുത്തി താഴെ പറയുന്നവയിൽ നിന്നും ശരിയായ ഉത്തരം കണ്ടെത്തുക.

a. ശുദ്ധരക്തം വഹിക്കുന്ന രക്തക്കുഴലാണ് ശ്വാസകോശ ധമനി.
b. ശുദ്ധരക്തം വഹിക്കുന്ന രക്തക്കുഴലാണ് ശ്വാസകോശ സിര.
c. അശുദ്ധരക്തം വഹിക്കുന്ന രക്തക്കുഴലാണ് ശ്വാസകോശ ധമനി.
d. അശുദ്ധരക്തം വഹിക്കുന്ന രക്തക്കുഴലാണ് ശ്വാസകോശ സിര.

A) a, b ശരി B) c, d ശരി C) a, d ശരി D) b, c ശരി

54. താഴെ പറയുന്നവയിൽ കൊഴുപ്പിൽ ലയിക്കുന്ന വിറ്റാമിനുകൾ ഏതെല്ലാം ?

a. വിറ്റാമിൻ – എ
b. വിറ്റാമിൻ – ബി
c. വിറ്റാമിൻ – സി
d. വിറ്റാമിൻ – ഡി

A) a, b ശരി B) b, c ശരി C) a, c ശരി D) a, d ശരി

55. താഴെ പറയുന്നവയിൽ മെച്ചപ്പെട്ട ഇനം പച്ചമുളകാണ്

A) ലോല B) മാലിക C) ജ്വാലാമുഖി D) ഭാഗ്യലക്ഷ്മി

56. താഴെ പറയുന്നവയിൽ 'ഫിറമോണി'ന് ഉദാഹരണമായത് ഏത് ?

A) സൈറ്റോ കൈനിൻ
B) ബോംബിക്കോൾ
C) ഓക്സിൻ
D) ജിബറില്ലിൻ

57. താഴെ പറയുന്നവയിൽ ജീവജാലങ്ങളുടെ 'എക്സിറ്റു' സംരക്ഷണത്തിന് (ex-situ conservation) ഉദാഹരണം ഏത് ?

A) ബൊട്ടാണിക്കൽ ഗാർഡൻ
B) ബയോസ്ഫിയർ റിസർവ്
C) നാഷണൽ പാർക്ക്
D) വന്യജീവി സങ്കേതം

58. 2023-ലെ വൈദ്യശാസ്ത്ര നോബൽ സമ്മാനം ലഭിച്ചത് ഏത് രോഗത്തിനെതിരെയുള്ള വാക്സിൻ കണ്ടെത്തിയതിനാണ് ?

A) AIDS
B) അൽഷിമേഴ്സ്
C) COVID – 19
D) ഹെപ്പറ്റൈറ്റിസ്

59. നിപ (NIPAH) രോഗത്തിന് കാരണമായ രോഗാണു ഏത് ?

A) ബാക്ടീരിയ
B) വൈറസ്
C) ഫംഗസ്
D) പ്രോട്ടോസോവ

60. ധവള പ്രകാശം അതിന്റെ ഘടക വർണ്ണങ്ങളായി മാറുന്ന പ്രവർത്തനം ഏത് ?

A) അപവർത്തനം
B) പ്രകീർണ്ണനം
C) പ്രതിപതനം
D) വിസരണം

61. ഉറുമ്പ് കടിക്കുമ്പോൾ വേദന തോന്നുന്നത് അവ നമ്മുടെ ശരീരത്തിൽ കുത്തിവയ്ക്കുന്ന ഒരാസിഡ് മൂലമാണ് ഏതാണീ ആസിഡ് ?

A) ഫോർമിക് ആസിഡ്
B) അസെറ്റിക് ആസിഡ്
C) ലാക്ടിക് ആസിഡ്
D) സിട്രിക് ആസിഡ്

62. താപം പ്രേഷണം ചെയ്യപ്പെടുന്ന രീതികളിൽ പ്പെടാത്തത് ഏത് ?

A) ചാലനം
B) സംവഹനം
C) വിസരണം
D) വികിരണം

63. താഴെ തന്നിരിക്കുന്നവയിൽ പിച്ചളയുടെ ഘടകമായി വരുന്ന ലോഹം ഏത് ?

A) സ്വർണ്ണം
B) വെള്ളി
C) സിങ്ക്
D) അലുമിനിയം

64. പണ്ട് മരുഭൂമിയിലൂടെയും കടലിലൂടെയും സഞ്ചരിച്ചിരുന്ന ആളുകൾ ദിശ അറിയാൻ ഉപയോഗിച്ചിരുന്ന നക്ഷത്രഗണമേതാണ് ?

A) സപ്തർഷി
B) വേട്ടക്കാരൻ
C) കാശ്യപി
D) വൃശ്ചികം

65. മൂലകങ്ങളെ ആദ്യമായി വർഗീകരിച്ച ശാസ്ത്രജ്ഞനാര് ?

A) മെൻഡലിയേഫ്
B) മോസ്‌ലി
C) ന്യൂലാൻഡ്സ്
D) ലാവോസിയെ

66. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ ഇറങ്ങിയ ഇന്ത്യയുടെ ചാന്ദ്രവാഹനം ഏത് ?

A) ചന്ദ്രയാൻ – 1
B) ചന്ദ്രയാൻ – 2
C) ലൂണാർ – 1
D) ചന്ദ്രയാൻ – 3

67. ചേരുംപടി ചേർത്ത് ശരിയായ ഉത്തരം എഴുതുക.

| | |
|---|---|
| 1. ക്ഷയം | i. പ്ലാസ്മോഡിയം |
| 2. എലിപ്പനി | ii. മൈകോബാക്ടീരിയം ട്യൂബർകുലോസിസ് |
| 3. ഡെങ്കിപ്പനി | iii. ലെപ്റ്റോസ്പൈറ |
| 4. മലമ്പനി | iv. വൈറസ് |

A) 1 – ii, 2 – iv, 3 – i, 4 – iii
B) 1 – ii, 2 – iii, 3 – iv, 4 – i
C) 1 – iii, 2 – iv, 3 – ii, 4 – i
D) 1 – iii, 2 – i, 3 – i, 4 – ii

68. മന്ത് രോഗം പരത്തുന്ന കൊതുക് ഏത് ?

A) ക്യൂലക്സ്
B) ഈഡിസ്
C) അനോഫിലസ്
D) മുകളിൽ കൊടുത്തിരിക്കുന്നവയിൽ ഒന്നുമില്ല

69. താഴെ തന്നിരിക്കുന്നവയിൽ വായുവിൽ കൂടി പകരുന്ന രോഗം ഏത് ?

A) കോളറ
B) ടൈഫോയിഡ്
C) മീസിൽസ്
D) മഞ്ഞപിത്തം

70. രക്തത്തിലെ ഹീമോഗ്ലോബിൻ നിർമ്മാണത്തിന് ആവശ്യമായ ഘടകം

A) ഇരുമ്പ്
B) കാൽസ്യം
C) അയഡിൻ
D) സോഡിയം

71. ലോകത്തിൽ ആദ്യമായി വാക്സിൻ കണ്ടെത്തിയ ശാസ്ത്രജ്ഞൻ

A) അലക്സാണ്ടർ ഫ്ലമിംങ്
B) എഡ്വേർഡ് ജെന്നർ
C) റോബർട്ട് ഹുക്ക്
D) ലൂയി പാസ്ചർ

72. രക്തസമ്മർദ്ദം അളക്കുന്നതിനുള്ള ഉപകരണം ഏത് ?

A) സ്റ്റെതസ്കോപ്പ്
B) സി. ടി. സ്കാനർ
C) അൾട്രാസൗണ്ട് സ്കാനർ
D) സ്ഫിഗ്മോ മാനോമീറ്റർ

73. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന തിരഞ്ഞെടുത്ത് എഴുതുക.
   i. ഇൻസുലിൻ കൂടുന്ന അവസ്ഥയാണ് പ്രമേഹത്തിന് കാരണം.
   ii. മസ്തിഷ്കത്തിലെ രക്തക്കുഴലുകൾ പൊട്ടി രക്തപ്രവാഹം തടസ്സപ്പെടുന്ന അവസ്ഥയാണ് പക്ഷാഘാതം.
   iii. അനിയന്ത്രിതമായ കോശവിഭജനം വഴി കോശങ്ങൾ പെരുകി ഇതരകലകളിലേക്ക് വ്യാപിക്കുന്നതാണ് ക്യാൻസർ.
   iv. കരളിൽ ഗ്ലൂക്കോസ് അടിഞ്ഞു കൂടുന്നതാണ് ഫാറ്റിലിവർ.

   A) i, iv ശരി   B) ii, iii ശരി   C) i, ii ശരി   D) iii, iv ശരി

74. എംഫിസീമ രോഗം ബാധിക്കുന്ന അവയവം ഏത് ?

   A) ഹൃദയം   B) കരൾ   C) ശ്വാസകോശം   D) മസ്തിഷ്കം

75. കേരളത്തിൽ സർക്കാർ തലത്തിൽ നടപ്പാക്കുന്ന മരണാനന്തര അവയവ കൈമാറ്റ പദ്ധതി

   A) സ്പെക്ട്രം   B) ജീവനം
   C) പരിരക്ഷ   D) മൃതസഞ്ജീവനി

76. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതി

   A) അമൃതം ആരോഗ്യം   B) ആയുർദളം
   C) ആരോഗ്യജാഗ്രത   D) ആശ്വാസകിരണം

77. 2024 ഒളിമ്പിക്സ് മത്സരത്തിൽ ഇന്ത്യൻ ഹോക്കി ടീമിന്റെ ക്യാപ്റ്റൻ ആരായിരുന്നു ?

   A) ശ്രീജേഷ് പി. ആർ.   B) ഹർമൻപ്രീത് സിങ്
   C) സഞ്ജു സാംസൺ   D) ലക്ഷ്യസെൻ

78. 70-ാം ദേശീയ ചലച്ചിത്ര അവാർഡിന് അർഹമായ മികച്ച ചിത്രം

   A) ആട് ജീവിതം   B) ആട്ടം
   C) കാന്താര   D) ഗുൽമോഹർ

79. അമീബിക് മസ്തിഷ്ക ജ്വരത്തിനു കാരണമായ രോഗാണു മനുഷ്യ ശരീരത്തിൽ എത്തുന്നത് ഏതിലൂടെ ?

   A) മലിനജലം   B) ഭക്ഷണം   C) വായു   D) സ്പർശനം

80. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO) യുടെ ഇപ്പോഴത്തെ ചെയർമാൻ ആര് ?

   A) കെ. രാധാകൃഷ്ണൻ   B) എസ്. സോമനാഥ്
   C) ജി. മാധവൻ നായർ   D) കെ. ശിവൻ

81. $7 \times 8 \div 2 \times 14 + 3^2 =$

A) 9 B) 11 C) 13 D) 10

82. $7^2 \times 2 \div 2 \times 7 =$

A) 7 B) 1 C) 4 D) 2

83. $\frac{1}{2}, \frac{2}{3}, \frac{3}{4}, \frac{1}{5}$ ഇവയെ ആരോഹണ ക്രമത്തിൽ എഴുതിയാൽ ശരിയായത് ഏത് ?

A) $\frac{1}{2} < \frac{2}{3} < \frac{3}{4} < \frac{1}{5}$

B) $\frac{1}{5} < \frac{1}{2} < \frac{2}{3} < \frac{3}{4}$

C) $\frac{1}{2} < \frac{1}{5} < \frac{2}{3} < \frac{3}{4}$

D) $\frac{1}{2} < \frac{2}{3} < \frac{1}{5} < \frac{3}{4}$

84. ഒരു കുടുംബത്തിലെ 5 പേരുടെ ശരാശരി ഉയരം 160 cm ആണ്. അതിൽ 4 പേരുടെ ഉയരം യഥാക്രമം 163, 160, 161, 162 എന്നിങ്ങനെയാണ്. അഞ്ചാമത്തെ ആളുടെ ഉയരം എത്ര ?

A) 160 B) 161 C) 154 D) 159

85. $41 - 30 + (45 + 7) \times 7 =$

A) 441 B) 353 C) 375 D) 435

86. ഒരു വിമാനം അരമണിക്കൂർ സമയം കൊണ്ട് 250 km ദൂരം സഞ്ചരിച്ചു. വിമാനത്തിന്റെ വേഗത എത്ര ?

A) 125 km/h B) 250 km/h C) 400 km/h D) 500 km/h

87. 1,600 രൂപയ്ക്ക് വാങ്ങിയ ഒരു വസ്തു 12% നഷ്ടത്തിൽ വിറ്റു എങ്കിൽ വിറ്റവില എത്ര ?

A) 1418 B) 1408 C) 1518 D) 1410

88. 55, 80, 100 എന്നീ സംഖ്യകളുടെ ഉ. സാ. ഘ. എത്ര ?

A) 10 B) 8 C) 5 D) 2

89. കൂട്ടത്തിൽ ചേരാത്തത് ഏത് ?

8, 16, 27, 64

A) 8 B) 16 C) 64 D) 27

90. 1, 3, 6 എന്നിങ്ങനെ തുടങ്ങുന്ന ശ്രേണിയുടെ അടുത്ത പദം ഏതായിരിക്കും ?

A) 10 B) 9 C) 7 D) 11

91. $2^{n+1} = 32$ ആയാൽ n =

A) 5 B) 4 C) 6 D) 3

92. ഒരു കന്നുകാലി ചന്തയിൽ കുറെ പശുക്കളും മനുഷ്യരും ഉണ്ട്. ആകെ കാലുകൾ 70 ഉം ആകെ തലകൾ 30 ഉം ആണ്. മനുഷ്യരുടെ എണ്ണവും പശുക്കളുടെ എണ്ണവും തമ്മിലുള്ള വ്യത്യാസം എത്ര ?

A) 40 B) 15 C) 35 D) 20

93. $(0.05)^2 \times \frac{1}{20} =$

A) $(0.25)^2$ B) $(0.05)^3$ C) $(0.05)^2$ D) $(0.25)^3$

94. 1, 2, 4, 8 എന്ന സംഖ്യാശ്രേണിയുടെ അടുത്തപദം ഏത് ?

A) 10 B) 12

C) 16 D) ഇവയൊന്നുമല്ല

95. രമയുടെയും ജയയുടെയും വയസ്സുകളുടെ അംശബന്ധം 2 : 3 ആണ്. 5 വർഷം കഴിയുമ്പോൾ രമയ്ക്ക് 24 വയസ്സ് ആകും. ജയയുടെ ഇപ്പോഴത്തെ വയസ്സ് എത്ര ?

A) 27 B) 30 C) 28 D) 29

96. $1 + (2 \times 3) \div 6 - 1 =$

A) 0 B) 2

C) 1 D) ഇവയൊന്നുമല്ല

97. 11 : 132 = 22 : _____

A) 220 B) 154 C) 143 D) 264

98. ഒറ്റയാൻ ഏത് ?

A) ചതുർഭുജം B) ലംബകം

C) സാമാന്തരികം D) ചതുരം

99. 2, 3, 5, 7, .... ഇങ്ങനെ തുടർന്നാൽ 8-മത്തെ സ്ഥാനത്തെ സംഖ്യ ഏത് ?

A) 19 B) 8 C) 15 D) 17

100. $4\frac{2}{6} \div 1\frac{2}{6} =$

A) $3\frac{1}{6}$ B) $3\frac{1}{4}$ C) $3\frac{1}{2}$ D) $3\frac{1}{3}$

## Space for Rough Work

**FINAL ANSWER KEY**
**Question Paper Code:174/2024 M**
**Question Paper Medium:Malayalam**
**Category Code:535/2023**
**Name Of Post & Department:Last Grade Servants- Various- Alappuzha, Ernakulam, Kozhikkode 535/2023**
**Date Of Test:07-Dec-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | D | A | X | D |
| 2 | A | C | C | C |
| 3 | D | C | B | B |
| 4 | D | A | B | A |
| 5 | B | A | C | D |
| 6 | X | A | D | B |
| 7 | X | A | D | D |
| 8 | D | D | B | D |
| 9 | B | D | B | C |
| 10 | B | C | B | D |
| 11 | X | B | D | D |
| 12 | C | D | C | A |
| 13 | B | B | B | B |
| 14 | B | C | A | A |
| 15 | C | D | D | C |
| 16 | C | B | B | A |
| 17 | C | D | A | B |
| 18 | B | D | C | B |
| 19 | A | C | B | A |
| 20 | C | D | B | B |
| 21 | D | A | A | X |
| 22 | C | B | C | C |
| 23 | B | B | C | B |
| 24 | A | A | A | B |
| 25 | D | B | A | C |
| 26 | B | D | A | D |
| 27 | X | B | C | A |
| 28 | B | A | C | D |
| 29 | X | C | X | D |
| 30 | D | A | D | B |
| 31 | B | A | A | B |
| 32 | D | C | B | A |
| 33 | D | C | B | C |
| 34 | C | X | A | B |
| 35 | D | D | B | B |
| 36 | A | D | C | A |
| 37 | C | C | C | A |
| 38 | C | B | B | D |
| 39 | A | A | A | D |
| 40 | A | D | C | C |
| 41 | D | B | B | D |
| 42 | A | A | D | B |
| 43 | B | C | B | A |
| 44 | A | B | C | C |
| 45 | C | B | D | A |
| 46 | D | C | X | B |
| 47 | D | C | X | X |
| 48 | B | B | D | B |
| 49 | B | A | B | X |
| 50 | B | C | B | D |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | A | D | B | A |
| 52 | A | D | D | C |
| 53 | D | B | D | C |
| 54 | D | B | C | X |
| 55 | C | B | D | D |
| 56 | B | X | D | X |
| 57 | A | C | B | X |
| 58 | C | B | A | D |
| 59 | B | B | C | B |
| 60 | B | C | A | B |
| 61 | A | D | D | B |
| 62 | C | A | A | D |
| 63 | C | B | D | B |
| 64 | X | A | D | C |
| 65 | D | C | B | D |
| 66 | D | X | A | D |
| 67 | B | X | A | D |
| 68 | A | D | D | B |
| 69 | C | B | D | B |
| 70 | A | B | C | B |
| 71 | B | B | D | A |
| 72 | D | X | A | C |
| 73 | B | B | B | C |
| 74 | C | X | A | A |
| 75 | D | D | C | A |
| 76 | A | D | B | C |
| 77 | B | A | X | C |
| 78 | B | D | B | B |
| 79 | A | D | X | A |
| 80 | B | B | D | C |
| 81 | X | C | D | B |
| 82 | X | D | B | D |
| 83 | B | A | C | B |
| 84 | C | A | D | C |
| 85 | C | B | A | X |
| 86 | D | B | C | X |
| 87 | B | D | D | X |
| 88 | C | B | A | B |
| 89 | D | C | A | C |
| 90 | A | X | B | C |
| 91 | B | D | X | C |
| 92 | D | B | X | D |
| 93 | B | C | B | A |
| 94 | C | D | C | A |
| 95 | X | A | C | B |
| 96 | C | X | B | D |
| 97 | D | X | D | B |
| 98 | A | B | B | C |
| 99 | A | C | C | D |
| 100 | B | C | X | A |

'X' denotes deletion

Approved For Publication
Sd/-
Section officer